(ര)

കേരള സർക്കാർ

സംഗ്രഹം

04 OCT 2012

വ്യാവസായിക പരിശീലന വകുപ്പ് - 10 ഐ.ടി.ഐ. കളുടെ പേരുകൾ പുനർ.നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3043
6/10

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (ആർ ടി) നം. 1499/2012/തൊഴിൽ തിരുവനന്തപുരം, തീയതി 25.9.2012.

---

പരാമർശം - 1. സ.ഉ (എം.എസ്) നം:107/2008/തൊഴിൽ, തീയതി 8.8.2008.

2. സ.ഉ (എം.എസ്) നം.75/2009/തൊഴിൽ, തീയതി 19.6.2009.

3. സ.ഉ (എം.എസ്) നം.19/2010/തൊഴിൽ, തീയതി 18.2.2010

4. സ.ഉ (എം.എസ്) നം.91/2010/തൊഴിൽ, തീയതി 6.8.2010

5. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ 6.9.2012 ലെ ഐ 4/9391/12-ാം നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം അനുവദിച്ച 4 ഐ.ടി.ഐ. കളുടെയും പരാമർശം രണ്ട് പ്രകാരം അനുവദിച്ച 2 ഐ.ടി.ഐ.കളുടെയും പരാമർശം നാല് പ്രകാരം അനുവദിച്ച 4 ഐ.ടി.ഐ.കളുടെയും പേരുകൾ പ്രസ്തുത ഐ.ടി.ഐ. കൾ സ്ഥിതിചെയ്യുന്ന യഥാർത്ഥ സ്ഥലനാമങ്ങളുമായി ബന്ധപ്പെടുത്തി പുനർനാമകരണം ചെയ്യണമെന്ന് പരാമർശം അഞ്ച് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. എൻ. സി. വി. ടി. അഫിലിയേഷന് വേണ്ടി ശുപാർശ അയയ്ക്കുമ്പോൾ ഐ.ടി.ഐ.യുടെ വ്യക്തമായ സ്ഥലം രേഖപ്പെടുത്തേണ്ടതുണ്ടെന്നും ടി ഐ.ടി.എ കളുടെ പേരുകൾ പുനർ നാമകരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് സമ്മതമാണെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതുപ്രകാരം ചുവടെ ചേർത്തിട്ടുള്ള 10 ഐ.ടി.ഐ. കളുടെ പേരുകൾ പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

5/10

| ക്രമ നമ്പർ | നിലവിലെ പേര് | പുതിയ പേര് |
|---|---|---|
| 1 | ഐ.ടി.ഐ. ഇളമാട് (ചടയമംഗലം) | ഗവ. ഐ.ടി.ഐ. ഇളമാട് |
| 2 | ഐ.ടി.ഐ. മുളക്കുളം (പെരുവ) | ഗവ. ഐ.ടി.ഐ. പെരുവ |
| 3 | ഐ.ടി.ഐ. ചേലക്കര | ഗവ. ഐ.ടി.ഐ. ദേശമംഗലം |
| 4 | ഐ.ടി.ഐ. ആരക്കുഴ/മൂവാറ്റുപുഴ | ഗവ. ഐ.ടി.ഐ. ആരക്കുഴ |
| 5 | ഐ.ടി.ഐ. വാണിയംകുളം/ഒറ്റപ്പാലം | ഗവ. ഐ.ടി.ഐ. വാണിയംകുളം |
| 6 | ഐ.ടി.ഐ. അരൂർ/വയലാർ | ഗവ. ഐ.ടി.ഐ. വയലാർ |
| 7 | ഐ.ടി.ഐ. മരട്/പള്ളുരുത്തി | ഗവ. ഐ.ടി.ഐ. മരട് |
| 8 | ഐ.ടി.ഐ. പെരിങ്ങോം - വയക്കര | ഗവ. ഐ.ടി.ഐ. പെരിങ്ങോം |
| 9 | ഐ.ടി.ഐ. കൊല്ലംകോട് | ഗവ. ഐ.ടി.ഐ. നെന്മാറ |
| 10 | ഐ.ടി.ഐ. പുല്ലൂർ - ഉദുമ | ഗവ. ഐ.ടി.ഐ. പുല്ലൂർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**ട്രെയിനിംഗ് ഡയറക്ടറേറ്റ്**
തൈക്കാട്, തിരുവനന്തപുരം

**മേലെഴുത്ത് നമ്പർ:ഐ4/9391/09 തീയതി:7/10/2012**

പകർപ്പ് അറിവിലേക്കും മേൽ നടപടിക്കുമായി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകുന്നു.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പകർപ്പ്:1) എല്ലാ സബ് ഓഫിസുകളിലേക്കും ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫിസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും
2) CA to D.T/A.D.T/J.D.T/A.D.O/Sr. F.O/I-2/Website